പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3902 — 15.03.2017 ൽ മറുപടിയ്ക്ക്

## സ്പോർട്സ് വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. കെ.മുരളീധരൻ

ശ്രീ. വി.പി.സജീന്ദ്രൻ

ശ്രീ. ഐ.സി.ബാലകൃഷ്ണൻ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സ്പോർട്സ് വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | എ) | 2020-2024 ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുത്ത ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരളത്തിന്റെ കായിക രംഗം മികവുറ്റതാക്കുന്നതിന് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് വേണ്ടി കേരള സാക്ഷരത മിഷൻ രൂപീകരിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി "കായികക്ഷമത മിഷൻ ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>സ്റ്റേഡിയം വികസനത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 5 കോടി രൂപ നിരക്കിൽ 23 പഞ്ചായത്തുകളും 10 കോടി നിരക്കിൽ 2 പഞ്ചായത്തുകളിലും സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ആകെ 135 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ ഇതിൽ നിന്നും തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കളിസ്ഥലം |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ, 35-ാമത് ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി കായിക വകുപ്പിന് 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. |
| ബി) | പതിനാല് ജില്ലകളിലും മൾട്ടിപ്പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം എത്ര സ്റ്റേഡിയങ്ങളുടെ പണി പൂർത്തിയാക്കി; | ബി) | ഒരു സ്റ്റേഡിയത്തിന്റെയും പണി പൂർത്തിയായിട്ടില്ല. 14 ജില്ലകളിലും മൾട്ടിപ്പർപ്പസ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം 6 ജില്ലകളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും 4 ജില്ലകളിലെ സ്റ്റേഡിയം നിർമ്മാണത്തിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിക്കായി ഇതിനകം എത്ര കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) & ഡി) | മേൽപ്പറഞ്ഞ പദ്ധതികൾക്കായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല. |
| ഡി) | പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചു എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ